(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിച്ചതിൽ ഓരോ ഇനത്തിലുമുള്ള അധികവരുമാനം സംബന്ധിച്ച് പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ന്യായവില വർദ്ധിപ്പിച്ചത് 2014 നവംബർ 17-ാം തീയതി മുതലായതിനാൽ ഒരു പൂർണ്ണമായ കലണ്ടർ മാസം പൂർത്തിയായിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെയോ, മുൻമാസങ്ങളിലെയോ വരുമാനം സംബന്ധിച്ച് താരതമ്യം ചെയ്ത് വരുമാന വർദ്ധന കണക്കാക്കാൻ കഴിയുന്നില്ല.

ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്

215 (4847) ശ്രീ. കെ. വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പു സഹിതം വിശദാംശം നൽകുമോ?

ഉത്തരം

8-10-2014-ലെ ജി.ഒ (പി) 172/2014/റ്റി.ഡി. നമ്പർ വിജ്ഞാപനത്തിലൂടെ നിശ്ചിത കുടുംബാംഗങ്ങൾ തമ്മിലുള്ള ഒഴിമുറി, ഭാഗപത്രം, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1 ശതമാനം എന്നതിന് വിധേയമായി പരമാവധി 25,000 രൂപ എന്നതിന് മാറ്റം വരുത്തി പരിധിയില്ലാതെ വസ്തുവിലയുടെ 1 ശതമാനമായി ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നു.

കരാറുകൾ രജിസ്റ്റർ ചെയ്യാൻ നടപടി

216 (4848) ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ കമ്പനികളും വ്യക്തികളുമായും ഉണ്ടാക്കുന്ന കരാറുകൾ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly